നമ്പർ. ഫിൻ എ 1/27629/18/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് തീയതി: 10.01.2020

**സർക്കുലർ**

വിഷയം:- ഡിജിറ്റൽ പേയ്മെൻറ് സിസ്റ്റം - 'വിദ്യാർഥികളുടെ ഫീസ് - സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- ____________

സർക്കാർ /എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ 2019-2020 അദ്ധ്യയന വർഷത്തെ B.Tech, B.Arch , M.Tech , M.Arch /M.Planning,M.CA,Ph.D എന്നീ കോഴ്സുകളുടെ റഗുലർ, ഈവനിംഗ് ബാച്ചുകളിലേക്ക് പുതിയ സെമസ്റ്ററുകളിലേക്കുള്ള രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ട്യൂഷൻ ഫീസ് ,ഫൈൻ , യൂണിവേഴ്സിറ്റി ഫീസുകൾ തുടങ്ങിയവ ഡിജിറ്റൽ പെയ്മെൻറ് സിസ്റ്റത്തിലൂടെ e -pos മുഖേനയോ UPI (Unified Payment Interface)മുഖേനയോ പുതുക്കിയ നിരക്കിൽ സ്വീകരിക്കേണ്ടതാണ്. ക്യാഷ് പേയ്മെൻറ് പരമാവധികുറക്കേണ്ടതാണ്.

"digipay.dtekerala.gov.in" എന്ന പോർട്ടലിൽ വിദ്യാർഥികളെ പുതിയ സെമസ്റ്ററിലേക്ക് പ്രൊമോട്ട് ചെയ്യുന്നതിനും e -pos മുഖേനയും UPI മുഖേനയും വർദ്ധിപ്പിച്ച നിരക്കിൽ ഫീസ് സ്വീകരിക്കുന്നതിനും ഫീസ് രസീത് നൽകുന്നതിനും ദിവസവും കളക്ഷൻ / പേയ്മെൻറ് സ്റ്റേറ്റ്മെൻറ് എടുക്കുന്നതിനും ട്രഷറി അക്കൌണ്ടുമായി ഒത്തുനോക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.ഫീസ് സ്വീകരിക്കുന്നതിനുമുൻപായി ഓരോ ഫീസും ക്രെഡിറ്റ് ചെയ്യുന്ന (അടക്കുന്ന) ഹെഡ് ഓഫ് അക്കൌണ്ട് /പി ഡി അക്കൌണ്ട് നമ്പർ /എസ് റ്റി എസ് ബി നമ്പർ തുടങ്ങിയവ നൽകിയിട്ടില്ലെങ്കിൽ അവ നല്കേണ്ടതും , തെറ്റുണ്ടെങ്കിൽ തിരുത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച സംശയങ്ങളും പ്രശ്നങ്ങളും വാട്ട്സാപ്പ് ഗ്രൂപ്പിൽ ഉന്നയിച്ചോ ഡയറക്ടറേറ്റിലെ ഐ ടി സെല്ലിൽ ടെലിഫോണിലൂടെ അറിയിച്ചോ പരിഹരിക്കാവുന്നതാണ്.

ഇ - പെയ്മെൻറ് സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനും കാഷ് രഹിത ഓഫീസ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും ഫലപ്രദമായ പ്രചാരണമുൾപ്പടെ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

ഗോപകുമാർ ആർ
Finance Officer